**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **03-03-2025 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.ജി.ഡി. ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മോൻസ് ജോസഫ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമായി എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും റിട്ടയർ ചെയ്യുതുമായ എത്ര ജീവനക്കാരുണ്ടെന്നും അവർ ആരെല്ലാമാണെന്നും അറിയിക്കുമോ;</td><td>(എ)</td><td><table>
<tr><th>നം</th><th>ജില്ല</th><th>എണ്ണം</th><th>ജീവനക്കാരുടെ വിവരങ്ങൾ</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>1</td><td>പ്രദീപ്.ഡി, ജൂനിയർ സൂപ്രണ്ട്</td></tr>
<tr><td>2</td><td>എറണാകുളം</td><td>1</td><td>സുഗുണൻ.കെ., ഓഫീസ് അറ്റന്റന്റ്</td></tr>
<tr><td>3</td><td>തൃശ്ശൂർ</td><td>2</td><td>ജനാർദ്ദനൻ.കെ, ഓഫീസ് അറ്റന്റന്റ്<br><br>ഉണ്ണികൃഷ്ണൻ വി.ജി ,ഡ്രൈവർ സെലക്ഷൻ ഗ്രേഡ്</td></tr>
<tr><td>4</td><td>കോഴിക്കോട്</td><td>1</td><td>റഹീമത്ത് പി.പി, ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ്</td></tr>
</table></td></tr>
<tr><td>(ബി)</td><td>എൽ.എസ്.ജി.ഡി പൊതു സർവീസിന്റെ ഭാഗമായി തനതു ഫണ്ട് ഇല്ലാത്ത സ്ഥാപനങ്ങളിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഒഴികെയുള്ള) സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും വിരമിച്ചവർ, ജോലിയിൽ തുടരുന്നവർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിനായി ക്രോസ്സ് മാപ്പിങ് വഴി ശീർഷകം അനുവദിക്കുന്നതിന് നടപ്പുവർഷം എത്ര തുക വേണ്ടി വരുമെന്ന് ആരാഞ്ഞുകൊണ്ട് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ 07/01/2025-ലെ ഇ.യു.3/314/2023 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിൽ നിന്നും ആവശ്യമായ തുക കണക്കാക്കി സർക്കാരിനെ</td><td>(ബി)</td><td>തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിലൂടെ സ്ഥലംമാറ്റം ലഭിച്ച് തനതു ഫണ്ടില്ലാത്ത ഓഫീസുകളിൽ നിയമിക്കപ്പെട്ട മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിന് ക്രോസ്സ് മാപ്പിംഗ് വഴി ശീർഷകം അനുവദിക്കുന്നതിന് നടപ്പ സാമ്പത്തിക വർഷവും കഴിഞ്ഞ സാമ്പത്തിക വർഷവും വേണ്ടി വരുന്ന തുക സംബന്ധിച്ച് 14 ജില്ലകളിൽ നിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br><br>2023-2024 സാമ്പത്തിക വർഷം ₹ 2,14,44,595 (രണ്ടു കോടി പതിനാലു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപയും 2024-2025 സാമ്പത്തിക വർഷം ₹ 2,74,48,000 (രണ്ടു കോടി എഴുപത്തിനാല് ലക്ഷത്തി നാൽപ്പത്തി എണ്ണായിരം) രൂപയും ടി ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുവാൻ വേണ്ടി വരും.</td></tr>
</table>

| | | | |
|---|---|---|---|
| | അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | മൂന്നു വർഷത്തിൽ കൂടുതൽ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലും എൽ.എസ്.ജി.ഡി. തിരുവനന്തപുരം ജില്ലാ ഓഫീസ്, തിരുവനന്തപുരം നഗരസഭ എന്നിവിടങ്ങളിലും ജോലി ചെയ്തു വരുന്നവരെ അങ്ങോട്ടും ഇങ്ങോട്ടും സ്ഥലംമാറ്റം നടത്തുന്നത് വഴി മറ്റ് ജില്ലകളിൽ വർഷങ്ങളോളം ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെടുന്നതിനാൽ ഇത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ മുൻ വകുപ്പുകളിലെയും ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ പൊതുമാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി അതതു കാലത്തെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായാണ് നിർവഹിച്ചു പോരുന്നത്. |
| (ഡി) | പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിരുന്ന തൃശ്ശൂർ കോർപ്പറേഷൻ റവന്യൂ ഇൻസ്പെക്ടറുടെ തിരുവനന്തപുരത്തേക്കുള്ള സ്ഥലംമാറ്റ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇദ്ദേഹത്തിന്റെ സീനിയോറിറ്റിക്ക് ശേഷം എത്ര റവന്യൂ ഇൻസ്പെക്ടർമാർക്ക് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നല്കിയെന്നും ഇദ്ദേഹത്തിന്റെ സീനിയോറിറ്റി നമ്പരും അറിയിക്കാമോ; | (ഡി) | പൊതുസ്ഥലംമാറ്റത്തിനായി തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ശ്രീ.പ്രമോദ് ജെ.ഡി എന്നയാൾ തിരുവനന്തപുരത്തേയ്ക്ക് മൂന്ന് സ്റ്റേഷനുകളിൽ (തിരുവനന്തപുരം നഗരസഭ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടറേറ്റ്) സ്ഥലംമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.പ്രമോദ് ജെ.ഡി യുടെ അപേക്ഷ പരിഗണിച്ച് ടിയാനെ പൊതുസ്ഥലംമാറ്റ അന്തിമ ക്യൂ ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 31 ആയും സ്പെഷ്യൽ പ്രയോറിറ്റി ക്യൂ ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 8 ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ശ്രീ.പ്രമോദ് ജെ.ഡി യുടെ സീനിയോറിറ്റിയ്ക്ക് ശേഷം 6 റവന്യൂ ഇൻസ്പെക്ടർമാർക്ക് തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ഇതിൽ മഞ്ജു ആർ (Cancer Patient) അനുകമ്പാർഹ പരിഗണനയിൽ) എന്നിവരൊഴികെ മറ്റെല്ലാവർക്കും ടിയാന്റെ ഓപ്ഷൻ അല്ലാത്ത സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത ജീവനക്കാരന്റെ സൈന്യത്തിലെ സേവനകാലം സ്ഥലംമാറ്റ മാനദണ്ഡത്തിൽ പരിഗണിച്ചിട്ടുണ്ടോ; സ്ഥലംമാറ്റ മാനദണ്ഡത്തിൽ ഇദ്ദേഹത്തിന്റെ ഡിസബിലിറ്റിയും മെഡിക്കൽ ഗ്രൗണ്ടും പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (ഇ) | ശ്രീ.പ്രമോദ് ജെ.ഡി സ്പെഷ്യൽ പ്രയോറിറ്റി ക്യൂ ലിസ്റ്റിൽ (സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാരൻ എന്ന വിഭാഗത്തിൽ) സീനിയോറിറ്റി നമ്പർ 8 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു സ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ഡിസബിലിറ്റി അടിസ്ഥാനത്തിലോ മെഡിക്കൽ ഗ്രൗണ്ടിലോ അപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ